بسم الله الرحمن الرحيم

# THE WORLD IS NOT OUR HOME

# ഈ ലോകം നമ്മുടെ ഭവനമല്ല

ഈ പ്രപഞ്ചം നൈമിഷികവും ചഞ്ചലവുമാണ്. ഓരോ നിമിഷവും അത് മാറ്റത്തിന് വിധേയമായി കൊണ്ടിരിക്കുന്നു. ഇന്നത്തെ അവസ്ഥയിലല്ല. അത് നാളെ ഈ ലോകത്തിനോ ലോകമാസകലമുള്ള അഹ്മദിയാ സമൂഹത്തിനോ ഒരു സ്ഥിരതയുമില്ല. ഈ ലോകമെന്നത് മരണത്തിന്റെ ഭൂമികയാണ്. ഒരു മണൽ വീടുപോലെ ഏതു നിമിഷവും അത് നിലംപരിശാകാം.

നാമിന്നിവിടെ കാണുന്ന എന്തും ഏതും നാളെ നശിച്ചുപോകാം. എന്റെ റബ്ബായ അല്ലാഹു മാത്രമേ അനശ്വരനായുള്ളൂ, ബാക്കിയെല്ലാം നശ്വരമാണ്. ഈ പ്രപഞ്ചത്തിലുള്ള ഏതൊരു വസ്തുവും നശ്വരമാണ്. നൈമിഷികമാണ്– രാജാക്കന്മാരാകട്ടെ, രാഷ്ട്രീയ നേതാക്കളാകട്ടെ, വീടുകളോ, കൊട്ടാരങ്ങളോ അതിൽ നിവസിക്കുന്ന ആരുമോ ആകട്ടെ–എല്ലാം നശിച്ചു പോകുന്നതാണ്. ഭൗതിക ബന്ധനങ്ങളിൽ മനം മയങ്ങിയ ഈ ലോക ജനത എന്റെ നാഥനെ മറന്ന് സുഖലോലുപതയിൽ ആറാടുകയാണ്. ഒരാൾ പോലും വാസ്തവത്തിൽ സ്നേഹിക്കപ്പെടാൻ അർഹനായില്ല. ഈ ഭൂമിയിൽ ഏറെ പേർ കടന്നുപോയി കഴിഞ്ഞു. അതിലേറെ പോയിക്കൊണ്ടിരിക്കുന്നു. അവശേഷിക്കുന്നവരോ പോകാനുള്ള തത്രപ്പാടിലുമാണ്.

ധനമോ, ഭാര്യയോ, സ്വത്തോ, പദവിയോ, നമ്മുടെ കോട്ടകൊത്തളങ്ങളോ ഒന്നും തന്നെ അന്ത്യയാത്രയിൽ നമ്മുടെ കൂട്ടായി വരില്ല.

ആ സത്യം മനസ്സിലാക്കുക. ആളുകൾ മരിക്കുന്നത് ദിനേനയെന്നോണം നാം കാണുന്നുണ്ട്. കേൾക്കുന്നുണ്ട്. അറിയുന്നുണ്ട്. അപ്പോഴും നമ്മുടെ വിചാരം നാമൊക്കെ കാലാകാലം സുഖമായങ്ങനെ വാഴുമെന്നാണ്. ഇതിലുമേറെ വൈരുദ്ധ്യാത്മകമായ മറ്റെന്താണുള്ളത് ?

ജനങ്ങൾ സത്യം മനസ്സിലാക്കുന്നില്ല. അവർ–തങ്ങൾ മറ്റുള്ളവരെക്കാൾ ഒരു കാതം മുന്നിലാണെന്ന അഹന്തയിൽ മുങ്ങി മറ്റുള്ളവരെ ദൈവിക ദർശനങ്ങൾ എന്ന സംഭവത്തിൽ വിശ്വസിക്കുന്ന വിഡ്ഢികൾ എന്നു പരിഹസിച്ചങ്ങനെ ഈ ലോകത്ത് പരിലസിക്കുകയാണ്. ഇവർ തങ്ങൾ ഈ കാലത്ത് ഒരേയൊരു രാത്രി തങ്ങാൻ വന്ന വെറും അതിഥികൾ മാത്രമാണെന്ന് തിരിച്ചറിയുന്നേയില്ല. മാത്രമോ കാലാകാലം ഇവിടെ വിഹരിക്കാമെന്ന് വ്യാമോഹിച്ച് നടക്കുകയും ചെയ്യുന്നു.

നാമീ ലോകത്ത് കാണുന്ന ഭൗതിക സുഖങ്ങളും ആഢംബരങ്ങളുമെല്ലാം തന്നെ ഒരു മരത്തിന്റെ നിഴൽ സൂര്യന്റെ ദിശമാറുന്നതിനനുസരിച്ച് മാറും പോലെ നിമിഷം പ്രതി മാറുകയാണെന്ന് തിരിച്ചറിയുക.

മരണത്തെ ഓർക്കുന്ന ഒരു വ്യക്തിക്കും ഭൗതിക ലോകബന്ധത്തിൽ ആണ്ടു പോകാൻ കഴിയില്ല. അയാൾ ദുഷ്പ്രവൃത്തികളിൽ നിന്നും എപ്പോഴും ദൂരപ്പെട്ടു നിൽക്കാൻ ശ്രദ്ധിക്കുകയും ചെയ്യും. മനുഷ്യജന്മം എന്നത് തന്റെ നാഥനെ കാണുന്നതിനുള്ള ഒരവസരം മാത്രമാണ്. തന്റെ നാഥനോടു ഭക്തിയും മുഹമ്മദ് നബി (സ) യുടെ സുന്നത്ത് പിന്തുടരുകയും ചെയ്യാത്ത ഏതൊരു വ്യക്തിക്കും തന്റെ ജീവിതം പാഴാണ്. മനുഷ്യജന്മം ഒരപൂർവ്വ സംഗതിയാണ്. ഒരിയ്ക്കലും അത് പാഴാക്കരുത്. ഈ ജന്മം ദിക്കിറിലും, ദുആയിലും, ആവശ്യക്കാരനേയും പാവപ്പെട്ടവനേയും സഹായിക്കുന്നതിലും ഉപയോഗിക്കണം. ഇതെല്ലാം എന്റെ നാഥനായ അല്ലാഹു കാണിക്കുന്ന കൂറാണ്, സ്നേഹമാണ്, ഭക്തിയാണ്. നശ്വരമായ നമ്മുടെ ശരീരത്തിൽ അനശ്വരമായി ആത്മാവുമാത്രമേയുള്ളൂ. ആയതിനാൽ ആത്മീയ ശുദ്ധിയുണ്ടാക്കുവാൻ അങ്ങേയറ്റം പരിശ്രമിക്കണം.

## 2001 ജനുവരി 30 ന് ലഭിച്ചത് *Received on Tuesday January 30, 2001*

ഒരു പരിശുദ്ധ ഹൃദയം എന്നത് ഭക്തിയിലൂടെയും, അല്ലാഹുവിലുള്ള അടിയുറച്ച വിശ്വാസത്തിലൂടെയും, അവന്റെ മഹാത്മ്യത്തെ പ്രകീർത്തിക്കുന്നതിലൂടെയും നേടിയെടുക്കുവാൻ കഴിയുന്ന ഒരവസ്ഥയാണ്. അങ്ങനെ ഹൃദയം പരിശുദ്ധമല്ലാ എങ്കിൽ നിങ്ങൾ ലക്ഷ്യമിടുന്നത് നേടിയെടുക്കാൻ നിങ്ങൾക്കാവില്ല.

ഹൃദയമെന്നത് കൂട്ടിലടച്ച കിളിയെപോലെയാണ്. ഒരു പെട്ടിയിലടച്ചു വെച്ചിരിക്കുന്ന ഒരമൂല്യ രത്നം പോലെയാണതിന്റെ നിർമ്മിതി. അത് ഒരു സുരക്ഷിതമായ അറയിൽ സൂക്ഷിച്ചിരിക്കുന്ന നിധിയാണ്. ഇവിടെ ഊന്നൽ നൽകേണ്ടത് കിളിക്കാണ്. കൂടിനല്ല. പെട്ടിക്കല്ല–രത്നത്തിനാണ്. അറയ്ക്കല്ല– നിധിക്കാണ്.

ഞങ്ങളുടെ നാഥാ !
നിന്റെയാജ്ഞകളെ അനുസരിക്കുന്ന ഹൃദയങ്ങളാക്കി മാറ്റൂ ഞങ്ങളുടേത്
നിന്റെ വിദ്യാമൃതം കൊണ്ട്
ഞങ്ങളുടെ ഹൃദയങ്ങളെനിറയ്ക്കൂ.
രാവും പകലും നിന്റെ സേവനത്തിൽ മുഴുകാനിടയാക്കൂ
നേർ വഴിയിൽ നയിക്കുന്നവരുടെ
കൂട്ടത്തിൽ ഞങ്ങളെയും കൂട്ടൂ.
ഞങ്ങൾക്കു മുന്നേ നിന്നെ
സേവിച്ചവരുടെ പാതയിൽ
അവർക്കു ലഭിച്ചതുപോലെയുള്ള
ആത്മീയ സ്ഥിരത ഞങ്ങൾക്കും പകർന്നു തരൂ.
അവരോടു കരുണ കാട്ടിയതുപോലെ
ഞങ്ങൾക്കും പകർന്നു തരൂ.

## എന്റെ രക്ഷകന്റെ അധ്യാപനങ്ങൾ (2008 ജൂൺ 22 ന് ലഭിച്ചത്)

## THE TEACHING OF MY LORD *(Received on 22 June 2008)*

കണ്ണുകളില്ലാതെ കാണുന്ന
കാതുകളില്ലാതെ കേൾക്കുന്ന
കാലുകളില്ലാതെ നടക്കുന്ന
കൈകളില്ലാതെ പ്രവർത്തിക്കുന്ന
നാവുകളില്ലാതെ ശബ്ദിക്കുന്ന
ജീവിച്ചിരിക്കെ തന്നെ മരിക്കുന്ന
ഓ ! ഖലീലുല്ലാഹ്.

അറിയുക ദൈവത്തെ അറിയുവാനുള്ള ഏക വഴി അവന്റെ ആത്മീയ നിയമങ്ങളിലൂടെ മാത്രമാണ്. സത്യത്തിന്റെ കൊട്ടാരത്തിൽ എന്റെ നാഥൻ എനിക്കാ സത്യം വെളിപ്പെടുത്തി തന്നു. ആ സത്യം ശാശ്വതമാണ്. സനാതനമാണ്. സംശയത്തിന്റെ നേരിയ നിഴൽ പോലും അതിനെ പൊതിയില്ല. ദുഷ്ട ശക്തികളെ തടഞ്ഞിരിക്കുകയാണവിടെ. മനുഷ്യനിലുള്ള അഹന്തയെ ഇല്ലാതാക്കിയിരിക്കുകയാണവിടെ. ദുഷ് ചിന്തകളും പാപകരങ്ങളായ വാക്കുകയും അവിടെയില്ല. അതാണ് ആത്മീയ ജ്ഞാനം വെളിപ്പെട്ടുകഴിയുമ്പോഴത്തെ ഫലം.

ആത്മീയ വെളിപാടു ലഭിക്കുന്നയാൾ തന്റെ ഉള്ളിലുള്ള അഹന്തയെ തുടച്ചുമാറ്റുന്നു.

താൻ മറ്റൊരുരാളാണെന്നുള്ള ബോധം മാറ്റി ദൈവവുമായി ഒന്നായി മാറുന്നു. ദൈവിക സാന്നിധ്യമനുഭവിക്കുന്ന നമുക്ക് ദൈവീക സ്നേഹമാകുന്ന നിധി കയ്യെത്തി പിടിക്കാൻ കഴിയുന്നു.

ഒരു ഭക്തയായ വനിതയെ സംബന്ധിച്ചിടത്തോളം പറയുമ്പോൾ തന്റെ നാഥനായ അല്ലാഹുവിലേക്ക് അല്ലാഹുവിന്റെ വിധി വിലക്കുകളും, ആത്മീയ വെളിപാടുകളുമാകുന്ന ആടയാഭരണങ്ങളിഞ്ഞ് ഒരു വധുവിനെപ്പോലെ അവൾ ലയിച്ചു ചേരുന്നു.

തന്റെ നാഥനോടുള്ള പരിപൂർണ്ണ അനുസരണത്തിലൂടെ അവനോടുള്ള അനന്തമായ തന്റെ സ്നേഹത്തിലൂടെ പങ്കാളിയെ കണ്ടെത്താൻ അവർക്കു കഴിയുന്നു.

അങ്ങനെയുള്ള അവർ ദൈവത്തിനു പ്രിയപ്പെട്ടവരാണ്. ഓ ! ഖലീലുല്ലാഹ്.

അവർ സന്തോഷവതിയായ ഭാര്യയാണ്. സ്ത്രീകളിൽ രത്നമായി വിരാജിക്കുന്നവരാണ്. ദൈവത്തിന്റെ ഏകത്വത്താൽ ആസക്തി പൂണ്ടവർ ആയിരിക്കുമവർ രാപ്പകലന്യേ ദൈവിക വലയത്തിൽ കഴിയുവാൻ ഭാഗ്യം സിദ്ധിച്ചവരാണവർ. ദൈവമാകുന്ന സത്യം – ആ പ്രകാശം അത് നമ്മുടെ ഉള്ളിൽ തന്നെയുണ്ട്. ആ പ്രകാശ ധാരയിൽ നിന്നാണ് ശബ്ദം പുറപ്പെടുന്നത്. ആ ശബ്ദത്തിലൂടെയാണ് നാം ദൈവമെന്ന സത്യവുമായി താദാത്മ്യം പ്രാപിക്കുന്നത്. തന്റെ ഉള്ളിന്റെയുള്ളിൽ ആത്മീയ പ്രകാശം തെളിയിച്ച, ആത്മീയ ചൈതന്യം പ്രകമ്പനം കൊള്ളുന്ന ഏതൊരു വ്യക്തിയെയും എന്റെ നാഥനായ അല്ലാഹു ഭൗതീക പീഢനകളിൽ നിന്ന് മുക്തനാക്കുന്നു. നിരന്തരം ദൈവീക സ്മരണയുണരുന്ന ഏതൊരാളിലും നിത്യവും സത്യമെന്ന പ്രകാശം വിരിയുന്നു. ആ പ്രകാശ കിരണങ്ങൾ ചുറ്റും പരക്കുകയും, അയാളെ പ്രകാശത്തിൽ കുളിപ്പിക്കുകയും ചെയ്യുന്നു. ഈ ശക്തി പ്രഭാവ മെല്ലാം സൃഷ്ടിക്കുന്നത് കരുണാമയനായ ദൈവമാണ്. അവനാണിതൊക്കെ നിലനിർത്തുന്നതും.

സത്യത്തിന്റെ മധുരഗീതികളൊഴുകുന്ന ഹൃദയത്തോടു കൂടിയ ഏതൊരുവനും നിർഭയനും, നിസ്സംശയനുമായിരിക്കും. അവൻ സ്ഥിര ചിത്തമുനായിരിക്കും.

ഓ ! ധീരനായുള്ളവനേ ! നിൽക്കൂ നീ നിന്റെ ഹൃദയത്തിലേക്ക് നോക്കൂ സ്വർഗ്ഗീയ സത്യത്തിന്റെ ഉറവ നാമ്പെടുക്കുന്ന മനോഹര ദൃശ്യമാസ്വദിക്കൂ.

ഞാനേറെ ഹൃദ്യമായ, പരിമളം പൂണ്ട വാക്കുകൾ കേൾക്കുന്നു– ആ സത്യത്തിൽ മുഴുകുമ്പോൾ പള്ളിയും അമ്പലവുമൊക്കെ മത നിഷേധികളെകൊണ്ട് നിറഞ്ഞതായി തോന്നുന്നു.

നിത്യവും ഞാൻ ആത്മീയമായി മരിക്കുകയും ജീവിതത്തിലേക്ക് തിരികെ വരികയും ചെയ്യുന്നു. അതാണ് എന്റെ ദൈവം എന്നെ പഠിപ്പിച്ചു തന്ന പാഠം.

ഒരു വ്യക്തി തന്റെ നൈമിഷികമായ ഈ ജീവിതത്തിനിടയിൽ തന്റെ സ്വത്വം തിരിച്ചറിയുന്നില്ലായെങ്കിൽ കുറ്റബോധം അയാളെ കാർന്നു തിന്നുകയും അങ്ങനെ അയാളുടെ ആത്മാവിനെ നാശത്തിലേക്ക് നയിക്കുകയും ചെയ്യും. അങ്ങനെ തന്റെ സ്വത്വം തിരിച്ചറിയാത്ത ഏതൊരുവനും തന്റെ പാരത്രിക ജീവിതത്തിൽ തനിക്കു വന്നു ഭവിക്കാൻ പോകുന്ന നാശങ്ങൾ എത്രയാണെന്ന് ചിന്തിക്കാൻ പോലുമാവില്ല.

## 2008 ജൂൺ മാസം 20 –ാം തീയതി പ്രഭാതത്തിൽ ലഭിച്ചത്

*(Received on 20 June 2008 in the Morning)*

എന്റെ നാഥനെ കാണുവാനായി
ഞാനെന്റെ ഗേഹം വിട്ട് പോയി.
എന്റെ നാഥനെ കാണണമെന്ന
മോഹമെന്നെയെവന്റെയടുക്കലെത്തിച്ചു.
റസൂലുല്ലായുടെ അധ്യാപനങ്ങളെന്നെ
എന്റെ ലക്ഷ്യത്തിലേക്ക് നയിച്ചു.
ഞാനെന്റെ മനസ്സിനെ
മെരുക്കിയതിങ്ങനെ
ഞാനെന്നെ എന്റെ നാഥന്റെ
ദൂതരുടെ വാക്കുകളാം നുകത്തിൽ ബന്ധിച്ചു.
അങ്ങനെയെന്റെ നാഥനവൻ
തൻ കൃപയാലെന്നെയവനുമായി ബന്ധിച്ചു.

ഓ ! അല്ലാഹ് ! നീയില്ലാതെ
നിന്നിലലിയാതെ എന്നെ മരിപ്പിക്കരുതേ.
ഈ യൊരൊറ്റയപേക്ഷയേ,
പ്രാർത്ഥനയേ എനിക്കു നിൻ
തിരുമുമ്പിലർപ്പിക്കുവാനുള്ളൂ.
നീയല്ലാതെ യൊരാശ്രമെനിക്കില്ല.
ഓ ! അല്ലാഹ് ! ഞാൻ
എന്നെതന്നെ ദിനമൊരായിരം
തവണ സമർപ്പിക്കുന്നു.
നീയാണല്ലോ ഒരു നിമിഷാർധത്തിനിടയിൽ
മാലാഖമാരെ വാർത്തവൻ.
ഞാൻ നിന്നോട് മാത്രം ചോദിക്കുന്നു.
കാരണം നീ കാട്ടുന്ന പാതയിലൂടേ ഞാൻ പോകൂ.
സർവ്വ സ്തുതിയും നിനക്കാണ്.
നിനക്കു മാത്രം.
ഈ ബോധമുള്ളിലുണരുമ്പോൾ
അഹന്തയാം ദുഃഖങ്ങളൊക്കെ അകന്നിടുന്നു.

ഞാൻ എൻ നാഥൻ മുന്നിൽ സാഷ്ടാഗം നമിക്കുന്നു.
അവൻ കൃപയാലേ ഞാനവനെ ദർശിച്ചൂ.
എന്റെ പ്രിയങ്കരനാം തിരുദൂതൻ (സ)
സദാ ദൈവ പ്രീതിയിലാണ്ടിരുന്നു.
രാപ്പകലന്യേയവൻ അവൻ തന്നിലലിഞ്ഞിരുന്നു.
അവനെ കാണാതായ നിമിഷം
മുതലവനിൽ വിശ്വസിച്ചിരുന്നു.

ഓ ! അല്ലാഹ് ! ഞാൻ എന്നെ
യൊരു വിൽപനച്ചരക്കായി നിൻ
തിരു മുന്നിൽ അർപ്പിക്കുന്നു.
നിന്റെ ദാസനാകാൻ ഭാഗ്യം ചെയ്ത ഞാനെത്ര ധന്യൻ !
നിൻ തിരു വാക്കുകൾക്ക്
പകരമായി ഞാനെന്നെ
തന്നെയങ്ങു തൻ ശാലയിൽ വിൽപ്പൂ ഞാൻ.
ഞാനിതാ യീ നിമിഷം, അങ്ങു
ചൊല്ലും പാതയിലായി, ആ
ദിശയിലേക്കായി യാത്രയാവുന്നു.
ഇതു മാത്ര മിതു മാത്രമെൻ നിധി.
അതോ യതെനിക്കു നീ
ദാനമായി തന്നതല്ലോ !

## 2008 ജൂൺ 23 –ാം തീയതി രാത്രിയിൽ ലഭിച്ചത്

*(Received on 23 rd June 2008 at Night)*

ചിലരെന്നെ ദുഷ്ട വലയത്തിൽ പെട്ടതായി ധരിക്കുന്നു
മറ്റു ചിലരോ എനിക്ക് ഭ്രാന്തെന്നും
ചിലരൊക്കെ വിളിപ്പൂ നഷ്ടപ്പെട്ടവൻ ശപിക്കപ്പെട്ടവൻ
അഹോ ! കഷ്ടം !
ഞാനോ എൻ നാഥന്റെയടുക്കൽ ഭദ്രൻ
ഞാനവനിൽ മാത്രമുമ്പത്തനായവൻ
എനിക്കവനല്ലാതൊന്നു മറിയേണ്ട– അറിയില്ല.
ദൈവത്തിങ്കലുള്ള എൻ വിശ്വാസം
വെറും അന്ധമായൊന്നല്ല മറിച്ചോ
വ്യക്തിതൻ നേരനുഭവത്തിൽ വെളിച്ചത്തിലുടലെടുത്തതല്ലോ !
എന്റെ നാഥനെ നേരിൽ കാട്ടിതന്ന
എന്റെ നാഥനെൻ പ്രിയമിത്രം
ആ സത്യം – ആ പ്രകാശം എല്ലാവരിലുമുണ്ട് .
പക്ഷേ ആ സത്യം പരിപൂർണതയിലെത്തുന്നത്
ഇസ്ലാമികാധ്യാപനങ്ങളിലൂടെ മാത്രമാണ്.
നിന്നെ പ്രീതിപ്പെടുത്തുവാൻ മാത്രം
നിൻ മധുര ശ്രുതി കേൾക്കുവാൻ മാത്രം
ഞാനുൽക്കടമായി മോഹിപ്പൂ നാഥാ !
തേൻ കുടിക്കാൻ, തേനീച്ച പൂക്കളെ ചുറ്റും പോലെ
രാവും പകലും ഞാൻ നിന്നെയറിയാൻ
നിന്നിലലിയാൻ വെമ്പി നടപ്പൂ.
നിന്റെ കൃപയാകും അമൃതെനിക്ക് ഈ
ദാസനു നൽകൂ എന്റെ നാഥാ !
മഴവെള്ളത്തിനായി കാത്തിരിക്കും
വേഴാമ്പലെ പോലെ, നിന്റെ കാരുണ്യമാം
മഴ വെള്ളത്തിനായി കാത്തിരിപ്പൂ ഞാൻ
കാരണമെന്തെന്നോ അങ്ങനെയായാലെനിക്ക്
അനന്തമായി നിന്നിലലിയാൻ ഭാഗ്യം സിദ്ധിക്കുമല്ലോ.
എന്നിലെ മാലിന്യങ്ങളെ വെറുതെ കഴുകിയെറിയാതെ
ആത്മീയ ജ്ഞാനത്താൽ
കഴുകി കളയാൻ കഴിഞ്ഞല്ലോ.

ഹൃത്തിൽ മാലിന്യം –ആർത്തിയല്ലോ
നാവിൻ മാലിന്യം അസത്യവും
ദൃഷ്ടി തൻ മാലിന്യം അന്യന്റെ സ്വത്തിനെ
ഭാര്യയെ, അവളുടെ സൗന്ദര്യത്തെ ആസ്വദിയ്ക്കലും.
ചെവികൾ തൻ മാലിന്യം
പരദൂഷണം ശ്രവിയ്ക്കലും.
ഈ തെറ്റുകളിൽ ആറാടുമരയന്നമാം
മനുജൻ നരകത്തിലല്ലാതെ എവിടെ ചെല്ലുവാൻ വേറെ ?
ഈ മാലിന്യങ്ങൾ – തെറ്റുകൾ എല്ലാം
അന്ധവിശ്വാസത്തിലും, ഭൗതിക സുഖത്തിലും
നേട്ടത്തിലും, ആമഗ്നനാവുന്നതിലും
കാരണത്താൻ ഉണ്ടാകുന്നവയാണ്.
ജനനവും മരണവും ദൈവേച്ഛ ഒന്നു കൊണ്ടു
മാത്രം സംഭവിക്കുന്ന ഒന്നാണ്.
നമ്മളേവരും വരുന്നു പോകുന്നു.
നേരായ വഴിയിലൂടെ സമ്പാദിച്ച
ആഹാര പാനീയങ്ങൾ ശുദ്ധമാണ്.

അല്ലയോ മനുഷ്യരേ ! ഖലീഫത്തുല്ലാഹ് അല്ലാഹു തെരഞ്ഞെടുത്ത ഖലീഫയിലൂടെ ദൈവത്തെ തിരിച്ചറിഞ്ഞവരെല്ലാം എല്ലാ മാലിന്യങ്ങളിൽ നിന്നും മുക്തമാണ്. അല്ലാഹു തന്റെ മഹത്വം വർഷിച്ച യഥാർത്ഥ ഖലീഫയെ പ്രശംസിക്കൂ. അല്ലാഹു ഇച്ഛിക്കുകയാണെങ്കിൽ ഏതൊരാൾക്കും .യഥാർത്ഥ ഖലീഫയുമായി സംഗമിക്കുക സാദ്ധ്യമാകും. ദൈവത്തെ അറിയുവാൻ ആശിക്കുന്ന ഏതൊരുവന്റെ ഹൃദയത്തിലും ദൈവം അധിവസിക്കുന്നു.

തന്റെ കൈ അന്വേഷിയുടെ നെറ്റിയിൽ പതിപ്പിക്കുക വഴി എന്റെ നാഥനായ അല്ലാഹു അവന്റെ ഉള്ളിലെ മാലിന്യങ്ങളെ – ദോഷങ്ങളെ അകറ്റുന്നു. ദൈവത്തെ പ്രീതിപ്പെടുത്തുക വഴി ഒരാൾ ഒമ്പതു നിധികളാണ് നേടിയെടുക്കുന്നത്.

## മുനീർ അഹ്മദ് അസീമിന്റെ ഒരു പ്രാർത്ഥന
## (2002 മേയ് 11 ന് മധ്യാന നമസ്കാരാന്തരം വെളിപാടിലൂടെ ലഭ്യമായത്)
## A PRAYER FROM MUNIR AHMAD AZIM

*(Received throughDivine Revelations on 11 May2002,*

*after Zohar Prayer)*

ഓ ! അല്ലാഹു ! എന്റെ ഹൃദയവാതിൽ തുറന്നു തരൂ. ഏറെ തവണ എന്റെ മനസ്സ് ശ്രവിച്ചെങ്കിലും ഒരു പ്രാവശ്യം പോലും ഞാനതിൽ വിജയിച്ചില്ല. നീ സർവ്വശക്തനും ഒന്നിനും അപര്യാപ്തനുമല്ലല്ലോ ? എന്നിട്ടുംമെന്തേ ഈ താമസം ? സുഖ ദുഃഖങ്ങൾക്കിടയിൽ ഊയലാടുകയാണ്. എന്താണ് എനിയ്ക്കൊരവസരം നൽകാത്തത്? അല്ലയോ ദയാവാരിധേ ! എന്നോട് കരുണ കാട്ടൂ. എന്റെ മനസ്സിനെ അങ്ങയുടെ സന്നിധിയിലേക്കു ക്ഷണ നേരത്തേക്കു കൊണ്ടു പോയാലും എന്റെ ഹൃദയം വ്യാജമായ സുഖങ്ങൾ തേടുകയാണ് – വാസ്തവമെന്തെന്നറിയുന്നില്ല. ദൈവീക ശബ്ദം കേൾക്കാനിടയാകാതെ എന്റെ മനസ്സ് ഭൗതിക നേട്ടങ്ങൾക്കു പിന്നാലെ പരക്കം പായുകയാണ്. ഞാനെന്താണ് അതിനോടു പറയേണ്ടത് ? എങ്ങനെയാണതിനെ പ്രീണിപ്പിച്ചുകൊണ്ട് വരേണ്ടത് ? അത് ഞാൻ പറയുന്ന എന്റെ നാഥന്റെ വാക്കുകൾ ശ്രദ്ധിക്കുന്നേയില്ല. മനസ്സൊരു അപാര സൃഷ്ടി തന്നെ. അത് ദൈവിക സ്നേഹത്തിനേയും ശബ്ദത്തേയും വിലമതിക്കുന്നേയില്ല. അതങ്ങനെ ജീവിത ചക്രത്തിൽ നിന്നും രക്ഷപ്പെട്ടോടുന്നു ? ദൈവിക നാമം ആവർത്തിച്ചുരുവിടാനൊന്നും ഒരു താത്പ്പര്യവുമത് കാട്ടുന്നില്ല. ഞാനിഹലോകത്ത് പെട്ടു പോയതു തന്നെ. പാരത്രിക ലോകത്തേക്കെന്നെ അത് മോശമായിട്ടു തന്നെ കൊണ്ട്

പോവുകയും ചെയ്യും. ഈ രീതിക്കു പോയാൽ ഈ ചിന്തകളെന്നെ ഏറെ നാളായി വ്രണിത ഹൃദയനാക്കുന്നു. എന്റെ മനസ്സ് ഇതൊന്നും കാര്യമാക്കുന്നതേയില്ല. അതൊരു തരം പോക്കു തന്നെ പോവുന്നു. എല്ലാ ഹൃദയങ്ങളിലും ചരിക്കുന്ന അല്ലയോ ദൈവമേ ? അങ്ങെന്നെ എന്താണ് അങ്ങയിലേക്ക് നയിക്കാത്തത്. നീയല്ലാതെ എനിയ്ക്കൊരാശ്രയമില്ല. ശാശ്വത വാസ സ്ഥലത്തിലേക്കെന്നെ നയിക്കാൻ നിനക്ക് മാത്രമേ കഴിയുകയുള്ളൂ. അല്ലോ കൃപാനിധേ ! എന്നോട് കരുണ കാട്ടൂ. എന്നെയങ്ങയുടെ കാരുണ്യക്കടലിലേക്കു കൊണ്ട് പോകൂ. ഞാൻ തെറ്റു ചെയ്തു പോയേക്കാം. ഞാനിവിടെ തീർത്തും അപരിചിതമായൊരു ലോകത്ത് അകപ്പെട്ട ഒരപരിചിതൻ മാത്രമാണ്.

എന്നെ എന്റെ ജീവിതപാത ശരിയാക്കി തന്ന് അതിൽ നിലനിർത്തൂ. ഞാൻ നിൻ തിരു മുമ്പിൽ സദാ സമർപ്പിക്കുന്നു. ഞാൻ ദൈവിക സ്മരണ നിലനിർത്തുകയും എന്റെ മനസ്സ് എന്റെ വരുതിയിൽ നിന്ന് വഴുതി മാറുന്നതിൽ അങ്കലാപ്പുള്ളവനായി മാറുകയും ചെയ്യുന്നു. എങ്ങനെയെനിക്കെന്റെ നാഥന്റെയൊപ്പം ചേരാം ? ആ ഒരു ചിന്ത മാത്രമേ എന്നെ അലട്ടുന്നുള്ളൂ.

എന്റെ നാഥൻ അവന്റെ മഹനീയ സന്നിധിയിലിരിക്കുന്നു. പക്ഷെ ഞാനോ ഈ ഭൂമിയിലും. എന്റെ നാഥനെ കാണാതെ ഞാൻ നിരാശനായി കഴിയുകയാണ്. അല്ലയോ ദൈവമേ ! എന്റെ പ്രാർത്ഥന കേൾക്കേണമേ!

ലോക സൃഷ്ടാവും, പരമപ്രമാണിയും പരമാധികാരിയുമായ അങ്ങെന്നെ ഈ കുഴിയിൽ പെടുത്തി കഷ്ടപ്പെടുത്തുകയാണ്.

ഞാൻ നിസ്സഹായനാണ്
ദുരിതമനുഭവിക്കുന്നവനാണ് ഞാൻ
നിന്നോട് കേണപേക്ഷിക്കുകയാണ്.
എന്റെ നാഥാ ! എന്റെ പ്രാർത്ഥന കേൾക്കേണമേ !
നീ ദയാവാരിധിയും എല്ലാവർക്കും
എല്ലാം ഔദാര്യമായി നൽകുന്നവനുമല്ലോ
കഷ്ടപ്പാടുകളിലും ദുരിതങ്ങളിലും പെട്ടുഴലുന്ന
ഞാനെത്ര ദൗർഭാഗ്യവാനാണ് ?
എന്റെ ദുഃഖങ്ങളെപ്പറ്റി ഞാനെന്തു പറയാനാണ് ?
കുന്തങ്ങൾകൊണ്ട് കുത്തിയാലെന്നെ
വണ്ണം അവയെന്നെ വേദനിപ്പിക്കുകയാണ് ?
അല്ലയോ ദൈവമേ ! നീയാണെനിക്ക് പ്രതീക്ഷ നൽകിയത്.
നിന്റെ സ്നേഹമാം ചിറകുകൾകൊണ്ട്
അനന്ത വിഹായസ്സിൽ പാറിനടക്കുമെന്ന് ഞാനാഗ്രഹിച്ചു.
നിന്റെ കൃപകൊണ്ട് ഞാൻ എന്റെ നാഥനെ കണ്ടു.
എന്റെ വേദനകളെല്ലാമകന്നു. ഹൃദയം ശാന്തമായി
എന്റെ ദൈവമേ ! എന്റെ പ്രാർത്ഥന കേൾക്കണേ.
ഞാൻ പിന്നെയും പിന്നെയും അപേക്ഷിക്കുന്നു.
നിന്റെ പാദാരവിന്ദങ്ങളിലെനിക്ക്
അഭയം നൽകണേ തമ്പുരാനേ !
ഈ പ്രപഞ്ചമാം സാഗരം കടക്കുവാനെന്നെ കൈ പിടിക്കൂ.
ഞാനാ സാഗരത്തിൽ പെട്ടുലുഴലുകയാണേ !
നീയല്ലാതെ മറ്റൊരു തുണ
വേറെയില്ലേ തമ്പുരാനേ.
എന്നെ നിന്റേതാക്കി മാറ്റി എന്നെ താങ്ങണേ നാഥാ.
ഞാൻ നിസ്സഹായനാണ്
പരാശ്രയവുമില്ലാത്തവനല്ലോ.
എപ്പോഴാണോ അങ്ങേക്കെന്നെവേണ്ട എന്ന് തോന്നുന്നത്
അപ്പോൾമാത്രമെന്നെ സ്വതന്ത്രനാക്കൂ.

അങ്ങയുടെ തിരുമുന്നിൽ വീണപേക്ഷിക്കുകയാണ് നാഥാ ഞാൻ, ഞാൻ എന്റെ മനസ്സിനേയും, ശരീരത്തേയും ആത്മാവിനേയും, അങ്ങേക്കു മുന്നിലർപ്പിക്കുകയാണ്. അപ്പോഴാണെനിയ്ക്ക് ഒരു തുണ കിട്ടിയത്. ഞാൻ വെറും ഒരു പാവം വിനീത വിധേയൻ ഒരു കഴിവുവില്ലാത്തവൻ, ഒരു മുന്നറിവോ, കരുതലോ ഇല്ലാത്തവൻ. ദൈവിക ശബ്ദത്തിൻ വിത്തുകൾ അങ്ങെൻ ഹൃദയത്തിലിട്ടു. പക്ഷെ വഴി തെറ്റിയോടുമെൻ മനസ്സ് രുചികരമായി കണ്ടില്ല. ഞാനോ, പിന്നെ ഭൗതികതയിലാണ്ടും പോയി.

അല്ലയോ നാഥാ ! നിന്റെ അനുഗ്രഹം കൂടാതെ എനിക്കെന്റെ മനസ്സിനെ കടിഞ്ഞാണിടാനോ നേർമാർഗ്ഗത്തിൽ നയിക്കാനോ കഴിയില്ല.

എന്റെ തമ്പുരാനേ ! എന്റെ മനസ്സിനെ ബന്ധിച്ചാലും. ഞാനങ്ങയോട് കേഴുകയാണ്. ദൈവമേ ! എന്നെ അങ്ങയുമായി ഒന്നിപ്പിക്കണേ. ഞാനവിടുത്തെ സന്നിധാനത്തിന്റെ വാതിൽക്കൽ കിടക്കുകയാണ്. അല്ലയോ രക്ഷകാനേ ! എന്നെ രക്ഷിക്കൂ ! അലഞ്ഞലഞ്ഞ് ഞാൻ ക്ഷീണിച്ചു. എനിക്ക് മതിയായി.

അല്ലയോ നാഥാ ! എന്നെ പുനരുദ്ധരിക്കൂ. ഭക്ത ദാസനാണല്ലോ അങ്ങ്. നിനക്കല്ലാതെ മറ്റാർക്കും എന്നെ രക്ഷിക്കാനാവില്ല. എന്റെ കൈപിടിച്ചെന്നെ അങ്ങയുടെ സവിധത്തിലേക്കു നയിക്കൂ.

## Hazrat Amir-ul-Momeneen Muhyi-ud-Din Munir Ahmad Azim

# EXALTED STATUS OF PROPHET MUHAMMAD (S.A)

## പ്രവാചകപ്രഭുവായ മുഹമ്മദ് നബി (സ) യുടെ ഔന്നത്യം

ഉത്തുംഗ പദവിയിലേക്ക് ഉയർത്തപ്പെട്ടവൻ
പരിപൂർണ്ണനായവൻ
അദ്ദേഹത്തിൻ സൗന്ദര്യത്താൽ
ഇരുട്ടുകലും, പ്രഭചൊരിയും
അദ്ദേഹത്തിന്റെ നേട്ടങ്ങളൊക്കെ പ്രോജ്ജ്വലം.
ഇസ്ലാമിന്റെ പ്രൗഢി നിലനിർത്താനായി
കഠിനമായി അധ്വാനിച്ചും "അല്ലാ" നെ
മാത്രം ആരാധിച്ചും പോന്നവൻ
പരിശുദ്ധരത്നങ്ങളിൽ പരിശുദ്ധമായതത്രേ അവരുടെ ആത്മാവ്
ഞരമ്പുകളിലൊഴുകിയിരുന്നതോ
സ്നേഹമന്ത്രമാം ശോണിതം.
അവർ തൻ ആത്മാവിനെ ആവുമോ
അനുഭവിക്കുവാൻ നിങ്ങളിൽ സ്വയമായി ?
തുറക്കുവിൻ കരങ്ങളെ ആശ്ലേഷിപ്പൂ ആ പരിപൂർണ്ണ
സമർപ്പണ പ്രകാശത്തെ
സൗന്ദര്യം സ്വത്താക്കിയ ആഢംബരങ്ങളെ
ആത്മീയ പ്രകാശത്താൽ വെറും മിഥ്യയാക്കിയ
ഓർക്കുക – തിരുനബി തൻ സമൃദ്ധമാക്കൂ
നിങ്ങൾ തൻ മനതാരുകളെ
അങ്ങനെയൊരുക്കൂ നിങ്ങൾ
നിങ്ങളുടെ അന്ത്യ വിശ്രമസങ്കേതങ്ങളെ

നിങ്ങളുടെയവസാന രേണുവിലും
തിരു ദൂതൻ തൻ അധ്യാപനങ്ങളെ
പുണരുവോളം, ആ പ്രകാശമാവോളം
ആസ്വദിക്കുവാനാകുവോളം പരിശ്രമിക്കൂ.
നിങ്ങളുടെ ഹൃദയരക്തങ്ങളിൽ
അവരുടെ പ്രതിബിംബം ഉണ്ടാക്കുന്നതുവരെ,
നിങ്ങളുടെ ഓരോ നല്ല പ്രവൃത്തിയിലും അവരുടെ
അധ്യാപനങ്ങളുണ്ടാകുന്നതു വരെ
ശ്രമിക്കൂ ഓരോരുത്തരും അവരുടെ നാഥനായ അല്ലാഹു
എല്ലാ ദുരിതങ്ങളെയും അകറ്റിടും
ഈമാൻ (വിശ്വാസം) ഹൃദയത്തിൽ
സ്ഫുരിക്കുന്ന ഓരോരുത്തരിലും
അല്ലാഹു തന്റെ പ്രകാശം പതിപ്പിക്കും.
മാലിന്യങ്ങളെ അകറ്റും.

കാലമേറെയായി കാത്തു വച്ചിരിക്കുന്ന ദൗത്യം പൂർത്തിയാക്കുവാനായി ഈ കാലയലവിൽ, നിങ്ങളെ– ഓരോ പ്രവാചക സ്നേഹിയെയും– ഹൃദയ പുരസ്സരം ക്ഷണിക്കുകയാണ്. സ്വർഗ്ഗീയ പ്രകാശം നിങ്ങളുടെ വദനങ്ങളെ പ്രകാശ പൂരിതങ്ങളാക്കട്ടെ, വിദ്വേഷത്തിന്റെ നാമ്പുകളെ നിങ്ങളിൽ നിന്നകറ്റട്ടെ. തിരു ദൂതർക്കും കുടുംബത്തിനും സലാമറിയിക്കൂ കാരണം അവരുടെ ആത്മീയ തലമുറയിൽപെട്ട ഓരോരുത്തരിലും ആത്മീയ പ്രകാശം മങ്ങലേയ്ക്കാതെ സദാ പ്രഭ ചൊരിഞ്ഞു കൊണ്ടേയിരിക്കുകയാണ്.

## A WISH WITHIN
### (ഉള്ളിലെ ഒരാഗ്രഹം)

റോസാപ്പൂക്കൾ ചുവന്നിട്ടാണ്
എനിക്കങ്ങയോടുള്ള സ്നേഹവുമതുപോലെ
എന്റെ പ്രതീക്ഷനാളം അവിടുത്തെ കരങ്ങളിലല്ലോ.
ഞാനങ്ങയിൽ തന്നെ അഭയം തേടുന്നു സദാ.
അവിടുത്തെ സ്തുതികളാൽ ഞാൻ
എന്നെ നിറയ്ക്കുന്നൂ.
എന്നിലെ ഓരോ അണുവും
അങ്ങയെ പ്രകീർത്തിപ്പൂ.
അങ്ങാണെൻ പ്രീയ മിത്രം.
റോസാപ്പൂക്കൾ വിടർന്നല്ലോ
അവിടുത്തെ സ്നേഹപ്പൂന്തോപ്പിനിത്
വസന്ത കാലമല്ലോ.
എൻ ഹൃദയം സദാ അവിടുത്തെ കാൽക്കലാകട്ടെ.
അർക്കനും സോമനും കയ്യോടു കയ്യായി
സ്തുതിപ്പൂ അങ്ങയേ.
എന്റെ ആശ്രയമങ്ങല്ലോ.
അങ്ങില്ലാതെ മരിപ്പൂ ഞാനൊരു നൂറു മരണങ്ങൾ.

അങ്ങില്ലാതെന്തു ജീവിതമെനിക്ക്
ജീവിതമൊരു ജീവിതമേയല്ല എനിക്ക്
കണ്ണീർ വാർക്കുന്നൂ ലോകം
എവിടെയും ആത്മാർത്ഥ പശ്ചാത്താപം മാത്രം.
കാരണമീ ലോകമൊരു പാതകം ചെയ്തു.
അവിടുത്തെ പ്രഭയെ കയ്യിലേന്തീ.
റോസുകൾ തൻ ചുവപ്പങ്ങനെനിൽക്കും പിന്നെയും
അവയുൾക്കൊള്ളും ഹൃദയത്തിൽ
സ്നേഹം ഉണ്ടെങ്കിൽ മാത്രം
ദൈവീക സ്നേഹമന്ത്രമോതി,
നാഥനായി അവന്റെ ദാസനായി നിലകൊണ്ടാൽ
അകന്നീടും സാത്താൻ നമ്മിൽ നിന്ന്
പറ്റില്ലയാർക്കും മനുഷ്യന്റെ
ദൈവിക സ്നേഹത്തെ അറുത്തിടാൻ
ദുഷ്ടതയകറ്റും നന്മകൾ ശക്തിപ്പെടുത്തും നാഥൻ.

## അനന്തതയിലേക്കൊരു വിലാപം

## A CRY INTO ETERNITY

അനന്തതയിലെവിടെയോ
ഞാനെന്റെ ഹൃദയം അങ്ങയ്ക്കായി സമർപ്പിച്ചു.
എന്റെയാത്മാവു നിർവൃതി തൻ പീയൂഷം പുൽകി
സ്നേഹത്തിൻ നഖക്ഷതങ്ങളിൽ
പുളകിതമായെൻ ഹൃദയം
ഒരു ഹൃദയവും ഒരു ആത്മാവും
ഇത്രയേറെ ശക്തിമത്തായി തോന്നിയിട്ടില്ല എനിക്ക്
എന്റെ നാഥൻ തന്റെ ദിവ്യ ദൃഷ്ടികൾ
സൗന്ദര്യമാസ്വദിക്കവേ ദുരൂഹതകളകന്നീടുന്നൂ.
ആത്മീയ നിർവൃതിയനുഭവിച്ചിടുന്നൂ.
ആത്മീയ സ്വത്വം അനുഭവിച്ചിടുന്നൂ ഞാൻ.
ഓ ! നാഥാ ! അവിടുത്തെ വലയത്തിൽ പെട്ടപ്പോൾ
അവിടുത്തെ ജീവാമൃതം നുകരുവാൻ കഴിഞ്ഞപ്പോൾ
ഒരു തുള്ളി സ്നേഹം നുണഞ്ഞപ്പോൾ
എന്റെ ദാഹം ശമിപ്പൂ നാഥാ.
എന്റെ പരിതാപാവസ്ഥയിലും
ഞാൻ സദാ ഒരു യാചകനല്ലോ.
അവിടുത്തെ ആത്മീയ ദർശത്തിനായ്
ദാഹിച്ചലയുന്നൂ ഞാൻ.
എന്നെ പോലൊരു തെറ്റുകാരൻ

മരുപ്പച്ചതേടുമൊരു പഥികൻ ഞാൻ
ഒരു നല്ല നാളെയ്ക്കായ് അവിടുത്തെ
സമാഗമ നാളിനായ് അലയുന്നൂ ഞാനൊരു
വേഴാമ്പലെ പോലെ
ഈ പാവം പഥികനെ
ഈ നിസ്വനാം യാചകനെ
അണയ്ക്കൂ അവിടുത്തെ സവിധത്തിലായി
അനുഗ്രഹിക്കൂ........

## ആ സുവർണ്ണകാലം
## THE GOLDEN ERA

സൂര്യന്റെ പ്രഭയെ ചന്ദ്രനെടുത്തു
ഹൃദയമൊരപൂർവ്വ താളമിട്ടു, കാരണം
ജീവിത പാതയിലിപ്പോഴുള്ളത്
ഒരു ആഘോഷത്തിന്റെ കാലമാണ്.
മരണത്തിൽ നിന്നും ഏകസത്യത്തിലേക്ക്
എല്ലാ ഓരോ ഹൃദയത്തേയും ഉണർത്തുന്നതിലേക്ക്

ഇരുട്ടിനെ നൃത്തത്താലകറ്റി, പരിശുദ്ധിയുടെ പുതു വസ്ത്രമണിഞ്ഞ് സീത ഒരിയ്ക്കൽ കൂടി ആഗതയാവുകയാണ്. അനാഥകളുടേയും, വിധവകളുടേയും, അടിച്ചമർത്തപ്പെട്ടവന്റേയും, അധ: കൃതന്റെയും, സത്യത്തിൽ നിന്നകന്നു പോയവരുടേയും, ദുഃഖങ്ങളിലും ദുരിതങ്ങളിലും ആണ്ടു പോയവരുടേയും, കണ്ണീരൊപ്പുന്നതിനും, രാമൻ തങ്ങളുടെ അനുഗ്രഹഗീത ഭുവിൽ തന്റെ അനുഗ്രഹീത സാനിധ്യവുമായി തിരികെ വരുന്ന നിമിഷവും പ്രതീക്ഷിച്ച്.

ഓരോ ആത്മാവും ഈ സത്യത്തിലേക്ക് നോക്കികൊണ്ടിരിക്കുകയാണ്. മനുഷ്യൻ തന്റെ അജ്ഞതയാൽ തങ്ങളുടെ ഭൂമിയിൽ നിന്ന് ദൈവിക സത്തയെ തൂത്തെറിഞ്ഞു കളഞ്ഞു. ഭാഗ്യവശാൽ ആ സത്ത – ആ ദിവ്യ പ്രകാശം ഒരിക്കൽ കൂടി ഭൂമിയിലേക്ക് പതിയ്ക്കുകയാണ്.

അല്ലയോ മാനവ സമൂഹമേ ! നിങ്ങൾ നിങ്ങളുടെ കണ്ണുനീർ തുടയ്ക്കൂ. അല്ലയോ മനുഷ്യരേ – ഈ പരമ സത്യം തിരസ്കരിക്കുന്ന ഓരോരുത്തരും അന്ധകാരത്തിൽ തന്നെ നിലനിൽക്കുന്നവരായിരിക്കും. കാരണം, അന്ത്യവിധി നാളിനു മുന്നേയുള്ള പശ്ചാത്താപാവസരം സമാഗതമായിരിക്കുകയാണ്.

ഈ സത്യം ബോധ്യമുള്ള ഓരോരുത്തരും കാലത്തിന്റെ ഇമാമിന്റെ കൈകളിൽ ബൈ അത്ത് ചെയ്യുകയും ദൈവത്തിന്റെ മഹനീയ സംരക്ഷണത്തിന് പാത്രങ്ങളായി മാറുകയും ചെയ്യേണ്ടതാണ്.

കൃഷ്ണനും, രാമനും, യേശുവും, ആദവും, നൂഹും, ബുദ്ധനും, മുഹമ്മദ് (സ) മറ്റെല്ലാ പ്രവാചകശ്രേഷ്ടരും ഒരിയ്ക്കൽ കൂടി മനുഷ്യരെ അവരുടെ ചഞ്ചലമായികൊണ്ടിരിക്കുന്ന ഏക ദൈവ വിശ്വാസത്തിൽ നിന്നും ദൃഢമായ ഏക ദൈവ വിശ്വാസത്തിലേക്ക് പുനരുജ്ജീവിപ്പിക്കുന്നതിനായി വന്നിരിക്കുന്നു. എല്ലാ മഹാത്മാക്കളുടേയും ശ്രേഷ്ടത ഒരാളിൽ സംഗമിച്ചിരിക്കുന്നു. ഈ കാലയളവിലെ പുതിയ അവതാരം അല്ലയോ മനുഷ്യ സമൂഹമേ............ നിങ്ങൾ കണ്ണു തുറക്കുക.

ലോകമിന്നു നേരിടുന്ന കലാപങ്ങൾക്കും, അക്രമങ്ങൾക്കും, ചൂഷണങ്ങൾക്കും നേരെ ഒന്നു നോക്കൂ.

മനുഷ്യ ചരിത്രത്തിലിന്നു വരെ അവതരിച്ച ഓരോ പ്രവാചകന്റെയും അധ്യാപനങ്ങളെയും നമ്മുടെ ജനത ചുട്ടു ചാമ്പലാക്കിയിരിക്കുകയാണ്.

അതാണ് ഈ പരിതാപകരമായ ലോകത്തേക്ക് ഒരു ദൈവ ദൂതൻ അവതീർണ്ണനാകേണ്ടുന്നതിന്റെ ആവശ്യകത.

ഹൃദയത്തിന്റെ ആത്മാവിന്റെ മനസ്സിന്റെ വിശുദ്ധിയുടെ സത്തയെപ്പറ്റി, മനുഷ്യരെ ബോധവൽകരിക്കുന്നതിന് അതിലൂടെ ദൈവീക സത്തയെ അറിയാനവരെ പ്രാപ്തരാക്കുന്നതിനു വേണ്ടി ഒരു ദൈവ ദൂതൻ വരേണ്ടിയിരിക്കുന്നു.

Translated By

**FAUZIA JAMAL**
B.A (English) M.A (English) B.Ed (English)
M.Ed (English) SET (English)

**Issued by**

**R.Jamaludin Raother**
**Amir Jamaat Ul Sahih Al Islam**
**Kerala (Regd.No. A693)**
**Phone : 9447001832, 0475-2252530**
**jamal.raother@gmail.com**